Lalith Babu

# വിവരാവകാശ നിയമപ്രകാരമുള്ള പൊതു അധികാരി ( Public Authority)

നമ്മുടെ ഭരണഘടന പ്രകാരമോ, പാർലമെന്റോ, സംസ്ഥാന നിയമസഭയോ പാസാക്കിയ നിയമ പ്രകാരമോ,സർക്കാർവിജ്ഞാപനം /ഉത്തരവ് മുഖേനയോ, സ്ഥാപിക്കപ്പെട്ടതോ രൂപീകരിക്കപ്പെട്ടതോ ആയ ഭരണഘടന സ്ഥാപനങ്ങൾ , നിയമനിർമ്മാണസഭകൾ, കോടതികൾ, സർക്കാർ വകുപ്പുകൾ,അധികാരികൾ (authorities), സർക്കാർ ഉടമസ്ഥതയിലോ നിയന്ത്രണത്തിലോ ഉള്ള പൊതു മേഖലാസ്ഥാപനങ്ങൾ, വ്യവസായ കേന്ദ്രങ്ങൾ, സാങ്കേതിക സ്ഥാപനങ്ങൾ, കമ്പനികൾ, കോർപ്പറേഷനുകൾ, ക്ഷേമനിധി ബോർഡുകൾ ഉൾപ്പെടെയുള്ള ബോർഡുകൾ, സഹകരണസ്ഥാപനങ്ങൾ, സഹകരണസംഘങ്ങൾ,കമ്മീഷനുകൾ, വികസന അതോറിറ്റികൾ, തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ, സർക്കാർ ധനസഹായം കൈപ്പറ്റുന്ന യൂണിവേഴ്സിറ്റികൾ ഉൾപ്പെടെയുള്ള സ്വയംഭരണസ്ഥാപനങ്ങൾ, വിദ്യാഭ്യാസസ്ഥാപനങ്ങൾ, സാംസ്കാരികസ്ഥാപനങ്ങൾ, സർക്കാരിതര സംഘടനകൾ,ഭരണസമിതികൾ, അർദ്ധസർക്കാർ സ്ഥാപനങ്ങൾ എന്നിവയൊക്കെയാണ് പൊതു അധികാരികൾ എന്നതുകൊണ്ട് വിവക്ഷിക്കുന്നത്.ഈ പൊതു അധികാരികളുടെ കൈവശമുള്ള വിവരങ്ങൾ സ്വമേധയാ വെളിപ്പെടുത്തുക, പൗരന്മാർ ആവശ്യപ്പെടുന്ന വിവരങ്ങൾ യഥാസമയം അവർക്ക് ലഭിമാക്കാനുള്ള നടപടികൾ സ്വീകരിക്കുക, പൊതു അധികാരസ്ഥാപനങ്ങളുടെ പ്രവർത്തനത്തിൽ സുതാര്യതയും, വിശ്വാസ്യതയും ഉറപ്പ് വരുത്തുക തുടങ്ങിയ ചുമതലകളും പൊതു അധികാരികളിൽ നിക്ഷിപ്തമാണ്. **ഒരു സ്ഥാപനത്തിലെ /വകുപ്പിലെ തീരുമാനങ്ങളെടുക്കാൻ അധികാരമുള്ളതോ, പൗരന്മാർക്ക് നൽകാനാവശ്യമായ വിവരങ്ങൾ കൈവശമുള്ളതോ, ആയ ഏറ്റവും താഴെയുള്ള ആഫീസുകളെയും,സ്ഥാപനങ്ങളേയും ഭരണയൂണിറ്റുകളെയും വിവരാവകശ നിയമപ്രകാരം പൊതു അധികാരികളായി കണക്കാം.** ഉദാഹരണത്തിന്, റവന്യു വകുപ്പിലെ ഏറ്റവും ഉയർന്ന നിർവ്വഹണ ഉദ്യോഗസ്ഥനായ റവന്യൂ സെക്രട്ടറിയെ പൊതു അധികാരിയായി കണക്കാക്കുന്നതുപോലെ ആ വകുപ്പിലെ തന്നെ,ജില്ലാ കളക്ടർ,ആർ.ഡി.ഒ; തഹസിൽദാർ, വില്ലേജ് ആഫീസർ എന്നിവരെയും അതാതിന്റെ പൊതു അധികാരിയായി കണക്കാക്കാവുന്നതും അവർക്ക് വിവരാവകാശ ചട്ടങ്ങൾക്ക് അനുസൃതമായ നടപടികൾ കൈക്കൊള്ളുകയും ചെയ്യാവുന്നതാണ്.